മം ജാതിവൈരുദ്ധ്യത്തിന്റെ തീവ്രത കുറയ്ക്കുകയാണ് ചെയ്തിട്ടുള്ളത്. വൻ സാമ്രാജ്യങ്ങളുടെയും വൻനഗരങ്ങളുടെയും കോട്ടകൊത്തളങ്ങളുടേയും അഭാവം ഇതിന്റെ രാഷ്ട്രീയമായ ആവിഷ്കാരമാണ്. മൊത്തത്തിൽ, കുറഞ്ഞ സമ്പന്നതയും കൂടുതൽ സാമൂഹ്യനീതിയുമാണ് അതിന്റെ പൊതുസ്വഭാവം. ഈ സ്വഭാവം സ്വാതന്ത്ര്യാനന്തരമുള്ള കേരള വികസനമാതൃകയുടെയും സ്വഭാവമാണ്. ഈ പോസിറ്റീവ് ഘടകങ്ങളെ നിലനിർത്തിക്കൊണ്ടുള്ള വികാസമാണ് നാളത്തെ കേരളത്തിന് വേണ്ടത്.

കഴിഞ്ഞ രണ്ടു പതിറ്റാണ്ടായി ഈ അടിസ്ഥാനസ്വഭാവത്തെ അട്ടിമറിക്കുന്ന തരത്തിലുള്ള ഇടപെടലുകളാണ് നടക്കുന്നത്. ഡാമുകൾ കെട്ടി ജലത്തിന്റെ സ്വാഭാവികവിതരണക്രമത്തെ തകർക്കുക, ഹൈവേകൾ നിർമ്മിച്ച് സ്വാഭാവിക സഞ്ചാരപഥങ്ങളെ തടയുക, നഗരകേന്ദ്രീകൃത ആവാസ വ്യവസ്ഥയെ പ്രോത്സാഹിപ്പിക്കുക എന്നിങ്ങനെ കേരളത്തിന്റെ പരമ്പരാഗതമായ ഗുണാത്മകവശങ്ങളെ തകർക്കുന്ന നയങ്ങളാണ് നടപ്പാക്കപ്പെടുന്നത്. കേവലം ഭരണകൂട ഇടപെടലുകൾ മാത്രമാണിതിനു പിന്നിലെന്നു പറഞ്ഞുകൂടാ. ഒരു പരിധിവിട്ട് ഈ കേന്ദ്രീകരണ പ്രവണതയെ കേരളം സഹിക്കുമെന്ന് കരുതാനാവില്ല. കാരണം, കേരളത്തിന്റെ സഹജസ്വഭാവത്തിന് വിരുദ്ധമാണിത്.

**7.** സാമൂഹികഘടനയുടെ ഉപരിതലത്തിൽ നടക്കുന്ന ഒരു പ്രക്രിയയാണ് തെരഞ്ഞെടുപ്പുകൾ. ആന്തരിക വൈരുദ്ധ്യങ്ങൾ ക്രമേണ ഉപരിതലത്തിൽ പ്രതിഫലിക്കാതെ വയ്യ. പക്ഷേ, അത് പലപ്പോഴും പ്രച്ഛന്ന രൂപങ്ങളിലായിരിക്കുമെന്നുമാത്രം. പ്രശ്നങ്ങളെ കൂടുതലുറക്കെ ഉന്നയിച്ചുകൊണ്ടിരിക്കുക, അതിനുള്ള എല്ലാ സാധ്യതകളും ഉപയോഗിക്കുക എന്നതാണ് നമുക്ക് ചെയ്യാനാവുക.

**8.** ഭരണകൂടത്തിന്റെ ഇടപെടലുകൾ വഴി പ്രകൃതിയിലും സാമൂഹ്യഘടനയിലും ഉണ്ടാവുന്ന ദൂരവ്യാപകഫലങ്ങൾ തെരഞ്ഞെടുപ്പുവേളകളിൽ ചർച്ചചെയ്യപ്പെടണം. വികസനത്തിന്റെ പേരിൽ നടത്തുന്ന കയ്യേറ്റങ്ങൾ - ഭൂപ്രകൃതിയിലും ആവാസവ്യവസ്ഥയിലും പൗരജനങ്ങളുടെ സ്വാധികാരത്തിലും - ജനപക്ഷത്തുനിന്ന് ചർച്ചചെയ്യപ്പെടണം. ജനപ്രിയ പരിപാടികളുടെ ജനവിരുദ്ധ ഉള്ളടക്കങ്ങൾ തുറന്നുകാട്ടപ്പെടണം.

അക്കാദമിക് വിദഗ്ദ്ധന്മാരുടെ ശാസ്ത്രീയ കുറിപ്പടികൾക്കനുസരിച്ചുള്ള നയപരിപാടികൾ ജനങ്ങളുടെ അനുഭവമണ്ഡലത്തിൽ നിന്നുകൊണ്ട് വിലയിരുത്തപ്പെടണം. സ്ഥാനാർത്ഥികളുടെയും അവർ പ്രതിനിധാനം ചെയ്യുന്ന പാർട്ടികളുടെയും ധാർമ്മിക നിലപാടുകളും തെരഞ്ഞെടുപ്പ് സംവാദങ്ങളിൽ വിഷയീഭവിക്കണം.

# അഴിമതികളില്ലാത്ത കേരളം

**അഥീന സുന്ദർ**
**വിദ്യാർത്ഥിനി, സൽസബീൽ ഗ്രീൻ സ്കൂൾ**

**1**. ജനങ്ങളുടെ താത്പര്യങ്ങളും അടിസ്ഥാന സൗകര്യങ്ങളും സംരക്ഷിക്കുമ്പോൾ മാത്രമേ ശാന്തിയും സമാധാനവും രാജ്യത്ത് ഉറപ്പുവരുത്താൻ സാധിക്കൂ. ജനങ്ങളുടെ വോട്ട് നേടി അധികാരത്തിലെത്തുന്നവർ തീർച്ചയായും ജനങ്ങളുടെ അടിസ്ഥാന ആവശ്യങ്ങൾ പരിഗണിക്കണം. എങ്കിൽ മാത്രമെ സമത്വസുന്ദര ഭാരതം സാധ്യമാകൂ.

**2**. ജനകീയവിഷയങ്ങൾ ചർച്ചയാകരുത് എന്നതിനേക്കാൾ ഉപരി ഇതെല്ലാം തെരഞ്ഞെടുപ്പ് രാഷ്ട്രീയ തന്ത്രങ്ങളുടെ ഭാഗമാണ് എന്ന് പറയുന്നതാകും ശരി. അധികാരത്തിന് വേണ്ടിയുള്ള ആർത്തിയാണ് മാധ്യമങ്ങളിൽ വാർത്തയായി ഒഴുകിയെത്തുന്നത്.

**3**. ജനപ്രതിനിധികൾ രാഷ്ട്രീയ ചിന്തകളുടെ പ്രതിനിധികളാകരുത്. അധഃസ്ഥിതരും നിരാലംബരും നിസഹായരുമായ ജനസമൂഹത്തിന്റെ കൂടെയാകണം അവർ എപ്പോഴും.

**4**. ജനപ്രതിനിധികളുടെ പ്രവർത്തനങ്ങൾ കാലാകാലങ്ങളിൽ വിലയിരുത്തണമെന്നാണ് വർത്തമാനകാല സംഭവങ്ങൾ ഓർമ്മിപ്പിക്കുന്നത്. തീർച്ചയായും ജനപ്രതിനിധികളെ തിരിച്ചുവിളിക്കാൻ ജനങ്ങൾക്ക് അധികാരം നൽകണം. ഉപാധികളില്ലാത്തതെന്തും ദുരുപയോഗം ചെയ്യപ്പെടാൻ സാധ്യതയുള്ളതിനാൽ തിരിച്ചുവിളിക്കാനുള്ള അധികാരത്തിന് മാനദണ്ഡങ്ങൾ ആവശ്യമാണ്.

**5**. വികസനത്തിന്റെ ഇരകളാകുന്നവർക്ക് വേണ്ടി ശബ്ദമുയർത്താനും ജനപക്ഷരാഷ്ട്രീയ നിലപാടുകൾ രൂപപ്പെടുത്താനും പൊതുജനം നിരന്തരം ഇടപെട്ടാൽ മാത്രമേ പാരിസ്ഥിതിക സാമൂഹിക പ്രശ്നങ്ങൾക്ക് വ്യക്തവും മാതൃകാപരവുമായ പരിഹാരം സാധ്യമാകൂ.

**6**. നീതിമാന്മാരായ ഭരണാധികാരികൾ വാഴുന്ന കേരളം. അഴിമതികളില്ലാത്ത, അരക്ഷിതാവസ്ഥയില്ലാത്ത കേരളം. ടാറ്റയെന്നോ ബിർളയെന്നോ ചുമട്ടുതൊഴിലാളികളെന്നോ ഭേദമില്ലാതെ ഏവർക്കും തുല്യമായ നീതിലഭിക്കുന്ന കേരളം. ഇത്തരത്തിലുള്ള കേരളം സൃഷ്ടിക്കാനുതകുന്ന ഭരണകൂടത്തെ പ്രതീക്ഷിക്കാനുള്ള അർഹത മലയാളി സമൂഹത്തിനുണ്ട്.

**7**. തെരഞ്ഞെടുപ്പ് രാഷ്ട്രീയത്തിൽ ഇത്തരം ചിന്തകൾക്ക് സ്ഥാനം ലഭിക്കണമെങ്കിൽ ജനപ്രതിനിധികൾ പച്ചയായ ജീവിതം നയിക്കുന്നവരായിരിക്കണം. അത്തരമൊരു വിദ്യാഭ്യാസത്തിലൂടെ അവർ കടന്നുപോകണം. സത്യത്തിന്റെയും നീതിയുടെയും പക്ഷത്ത് നിൽക്കാൻ അധികാരമോഹം പാടെ ഉപേക്ഷിക്കണം.

**8**. ജീവിതത്തിന്റെ അടിസ്ഥാന സൗകര്യങ്ങൾ പോലും നിവർത്തിക്കാനാകാതെ വീർപ്പുമുട്ടുന്ന സാധാരണക്കാരുടെ പ്രശ്നങ്ങൾക്കും പരിഹാരമുണ്ടാകണം.